
# അക്കാദമിക് മാസ്റ്റർപ്ലാൻ

GWLPS പൊയ്ക

2025- 2026



POCO M6 PRO 5G 30/06/2025 11:12

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയിൽ കരുന്നിലക്കോട് ജംഗ്ഷന് സമീപത്തായിട്ടാണ് ജി.ഡബ്ലിയു.എൽ.പി.എസ്. പൊയ്ക സ്ഥിതി ചെയ്യുന്നത്. 1956 ൽ ആണ് ഈ സ്കൂൾ ആരംഭിച്ചത്. കരുന്നിലക്കോട് പൊയ്ക പ്രദേശങ്ങളിലും സമീപപ്രദേശങ്ങളിലും ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ ഈ സ്ഥാപനം നാടിന്റെ പൈതൃക സ്വത്താണ്.

മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ഓരോ വിദ്യാർത്ഥിയുടെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനുള്ള പരിശ്രമമാണ് ഇവിടെ നടക്കുന്നത്. ആധുനിക വിദ്യാഭ്യാസ ചിന്തകൾ സ്വാംശീകരിക്കുകയും മനശാസ്ത്രപരമായ സമീപനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് വിദ്യാർത്ഥികളെ ഉയർന്ന. വിദ്യാഭ്യാസ നിലവാരത്തിലെത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കോവിഡ് കാലത്ത് കുട്ടികളിൽ കണ്ടെത്തിയ വിടവുകൾ കണ്ടെത്തി സ്കൂളിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കി തീർക്കുന്നതിന് പുതിയ അധ്യായന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. എല്ലാ മേഖലയിലും പഠന വൈകല്യങ്ങൾ കുട്ടികളിൽ പ്രകടമാണ്. വൈജ്ഞാനിക മേഖല, ഭാഷാ വികാസം, സർഗ്ഗാത്മക മേഖല എന്നിവയിൽ കുട്ടികൾക്കുണ്ടായ പഠന വിടവുകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ സന്തോഷപ്രദമായ പ്രവർത്തന ങ്ങളാണ് ഈ പ്രവർത്തന പാക്കേജിലൂടെ ലക്ഷ്യമിടുന്നത്. അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ സർവ്വോന്മുഖമായ വികാസം ലക്ഷ്യമിടുന്ന ഈ പ്രവർത്തനങ്ങളിൽ നമുക്കൊരുമിച്ച് കൈകോർക്കാം. ഈ വർഷം നമ്മുടെ സ്കൂളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ (ദിവ്യാംഗനൻ) ഇല്ല. പഠന പ്രവർത്തനങ്ങളോടൊപ്പം തന്നെ മികച്ച പഠനാനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ നമ്മൾ ലക്ഷ്യമിടുന്നുണ്ട്.



POCO M6 PRO 5G
30/06/2025 11:12

## ചരിത്രം

വർക്കല മുനിസിപ്പാലിറ്റിയിലെ കരുനിലക്കോട് വാർഡിൽ ഉൾപ്പെടുന്ന പൊയ്ക എന്ന പ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പൊയ്കയിലെയും സമീപ പ്രദേശങ്ങളിലെയും നിരക്ഷരരായ പിന്നാക്ക സമുദായത്തിൽപ്പെട്ട ആളുകളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി 1956 ന് മുമ്പ് തന്നെ അക്ഷീണം പ്രയത്നിച്ച വ്യക്തിയാണ് ശ്രീ.പി.രാഘവൻനായർ. ഇവിടെ ഒരു വിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ടി തിരുവനന്തപുരം സിറ്റി മേയർ ശ്രീ.കുഞ്ഞിരാമൻ ശ്രമിക്കുകയും ശ്രീ.ചടയൻ എന്ന സമീപവാസി 5 സെന്റ് സ്ഥലം സംഭാവന നൽകുകയും ചെയ്തു. 1956 ൽ ഒരു ചെറിയ ഓലഷെഡിൽ പൊയ്ക വെൽഫെയർ സ്കൂൾ ആരംഭിച്ചു. 1957 ൽ ഇ.എം.എസ്. മന്ത്രിസഭ കേരളത്തിലെ വിദ്യാഭ്യാസത്തിൽ അഴിമതി നടക്കുന്നതായി മനസിലാക്കി ......... സ്കൂൾ ഇൻക്വയറി കമ്മിറ്റി രൂപീകരിച്ചു. തുടർന്ന് ശ്രീ.കുഞ്ഞിരാമൻ സ്കൂളിന്റെ മാനേജർ സ്ഥാനത്ത് അവരോധിതനായി. 1958 ൽ കുട്ടികൾക്കുള്ള വിദ്യാലയമായി സർക്കാർ അംഗീകരിച്ച് ഒന്നാം ക്ലാസ് നിലവിൽ വന്നു. ആദ്യ അധ്യാപകനായി ശ്രീ.സുഗതൻ നിയമിതനായി. ഈ വിദ്യാലയം ആദ്യം ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലായിരുന്നു. നാട്ടുകാർ ചേർന്ന് 49 സെന്റ് സ്ഥലം വാങ്ങി ഓലഷെഡ് കെട്ടി വിദ്യാലയം പ്രവർത്തിപ്പിച്ചു തുടങ്ങി. 1965 ൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സർക്കാർ ഈ വിദ്യാലയം ഏറ്റെടുത്തു. സ്കൂളിലെ ആദ്യ പ്രഥമാധ്യാപകൻ ശ്രീ.രാഘവൻ നായരും പ്രഥമ വിദ്യാർത്ഥി വി.സി.മോഹനനുമാണ്.

### ലക്ഷ്യങ്ങൾ

- കുട്ടി ആർജിക്കേണ്ട ശേഷികളും, ധാരണകളും നൈപുണികളും നേടുക.
- കണക്ക്, സയൻസ്, ഐ.ടി.വിഷയങ്ങൾ ധാരണയും കഴിവും നേടുക.
- പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും, ആർജവവും നേടുക.
- കുട്ടിയുടെ സർഗ്ഗപരമായ കഴിവുകൾ വളർത്തുക.
- എല്ലാത്തരം കഴിവും നേടത്തക്കരീതിയിൽ കുട്ടിയെ ടാലന്റ് ലാബ് ആക്കുക.
- കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തുക.
- ഉന്നത നിലവാരത്തിലുള്ള അധ്യയനം ഉറപ്പാക്കുക.
- പ്ലാസ്റ്റിക് രഹിത വിദ്യാലയം രൂപപ്പെടുത്തുക.
- 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന രീതിയിൽ വിദ്യാലയ അന്തരീക്ഷം മാറുക
- കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കുക.
- പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്കെത്തിക്കുക.
- സ്കൂൾ വായനശാലകളും, ലാബുകളും, ക്ലബ്ബുകളും പാർക്കുകളും ഐ.റ്റി.ലാബു ആധുനികവൽക്കരിക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീ സംവിധാനം ഒരുക്കുക.
- എല്ലാ കുട്ടികളും എഴുതാനും വായിക്കാനും ഗണിത ക്രിയകൾ നിർദ്ധാരണ ചെയ്യാനും നല്ല മനോഭാവവും മൂല്യമുള്ളവരാക്കി മാറ്റുക



POCO M6 PRO 5G 30/06/2025 11:13

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവ്വഹണ കാലം |
|---|---|---|---|---|
| 1, 2, 3, 4 | വായന | •വിവിധ ചിത്രങ്ങൾ നൽകി വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br>•വായന മൂല ഒരുക്കൽ<br>•പത്രവാർത്ത<br>•വായന കാർഡ് തയ്യാറാക്കൽ<br>•കഥാപുസ്തകങ്ങൾ വായിക്കൽ | ടീച്ചർ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| 1,2,3,4 | ലേഖനം | •ചിത്രങ്ങൾ നോക്കിപ്പേര് എഴുതൽ<br>•സംയുക്ത ഡയറി എഴുതൽ<br>•സ്വയം കഥ പൂർത്തിയാക്കൽ<br>•കവിത പൂർത്തിയാക്കൽ | ടീച്ചർ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് - സെപ്റ്റംബർ |

POCO M6 PRO 5G 30/06/2025 11:13

| ക്ലാസ് | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | ചുമതല | നിർവ്വഹണ കാലം |
|---|---|---|---|---|
| 1, 2, 3, 4 | മത്സരം സംഘടിപ്പിക്കൽ | • അക്ഷരങ്ങൾ ചേർന്ന് വരുന്ന പദങ്ങൾ കണ്ടെത്തൽ<br>• വായനാമത്സരം<br>• വായനക്കുറിപ്പ്<br>• ക്വിസ്<br>• വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ (കഥ, കവിത നോട്ടീസ്, പോസ്റ്റർ നാടകം) | ടീച്ചർ | ജൂൺ - മാർച്ച് |
| 1, 2, 3, 4 | കുട്ടി എഴുത്തുകാർ രചന ശില്പശാല | വിഷയാടിസ്ഥാനത്തിൽ സ്വതന്ത്രരചന കഥ, കവിത, ചിത്രീകരണം, വിവരണം, കളറിംഗ് | ടീച്ചർ | ജൂൺ - മാർച്ച് |

POCO M6 PRO 5G 30/06/2025 11:13

| | | | | |
|---|---|---|---|---|
| | | • വായനക്കുറിപ്പ് തയ്യാറാക്കൽ | | ഒക്ടോബർ - മാർച്ച് |
| 1, 2, 3, 4 | റീഡേഴ്സ് തിയേറ്റർ | • അമ്മ വായന<br>• വായിച്ച് കേട്ട കഥ ക്ലാസിൽ അവതരിപ്പിക്കൽ<br>• കഥ പുസ്തകങ്ങൾ വായിക്കൽ<br>• ഭാവം ഉൾക്കൊണ്ട് കഥാവായന<br>• കഥയിലെ കഥാപാത്രങ്ങളായി അഭിനയിച്ച് കഥ വായന | ടീച്ചർ<br>രക്ഷിതാവ് | ജൂൺ<br>-<br>ജനുവരി |

POCO M6 PRO 5G 30/06/2025 11:13

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവ്വഹണകാലം |
|---|---|---|---|---|
| 1,2,3,4 | അക്ഷരകാർഡുകൾ, വായനാകാർഡുകൾ പോസ്റ്ററുകൾ സൂചനാബോർഡുകൾ, സൂക്തബോർഡുകൾ എന്നിവ തയ്യാറാക്കൽ | • കുട്ടികളുടെ നിലവാരമനുസരിച്ച് വ്യത്യസ്ത തരത്തിലുള്ള വായനാകാർഡുകൾ കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ തയ്യാറാക്കുന്നു. | ടീച്ചർ | ജൂൺ<br>ഫെബ്രുവരി |
| 1,2,3,4 | ക്ലാസ് ലൈബ്രറി വികസനം | • ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ നൽകൽ<br>• ജന്മദിനം പ്രമാണിച്ച് പുസ്തകങ്ങൾ സമ്മാനമായി വാങ്ങൽ<br>• അസംബ്ലിയിൽ പുസ്തകപരിചയം | | ജൂൺ<br>—<br>മാർച്ച് |

| | | | | |
|---|---|---|---|---|
| 4 | കവിതാലാപനം | • കവിതകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു<br>• കുട്ടികൾ വ്യക്തിഗതമായും സംഘമായും ആലപിക്കുന്നു.<br>· ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തൽ<br>· കവിതാബുക്കിലേക്ക് മാറ്റൽ<br>· സ്വന്തം കവിതാലാപനം റെക്കോർഡ് ചെയ്യുന്നു. | ടീച്ചർ | ജൂലൈ<br>ഫെബ്രുവരി<br>മാർച്ച് |
| 1, 2, 3, 4 | സർഗാത്മക ഡയറി | · മഴക്കാല അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>· അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>• വിഷയ ബന്ധിതമായി കഥ, കവിത തുടങ്ങിയവയുടെ രചന | ടീച്ചർ | ജൂൺ<br>–<br>മാർച്ച് |

POCO M6 PRO 5G 30/06/2025 11:14

| | | | | |
|---|---|---|---|---|
| 1, 2, 3, 4 | Reading | · News paper reading<br>· Book review<br>· Library book.<br>· conversation<br>· Skit<br>· Stories use ICT Materials.<br>• Reads breaking news<br>• Develop story<br>• Read notice<br>• Description<br>• Thought | Teacher | June – March |

| ...ass | Activity | Action | Task | Period. |
| --- | --- | --- | --- | --- |
| 1, 2, 3, 4 | Speaking | • Identify the naming word from the picture<br>• Identify the action word from picture<br>• Make simple sentences using that action | Teacher | June - March. |
| 1, 2, 3, 4 | Writing | . Make a word web, Picture description word chain, Make sentences, Make riddles conversations add more lines. | Teacher | June March |

POCO M6 PRO 5G 30/06/2025 11:14

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവ്വഹണ കാലം |
|---|---|---|---|---|
| 1, 2 | ഉല്ലാസഗണിതം | . മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാ വ്യാഖ്യാനം<br>. ഉല്ലാസ ഗണിത കിറ്റിലെ കളികളിൽ ഏർപ്പെടൽ<br>. പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ടീച്ചർ | ജൂൺ – മാർച്ച്. |
| 3, 4 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | . സംഖ്യാ വ്യാഖ്യാനം<br>. വിവിധ ക്രിയകൾ അടങ്ങിയ സ്ട്രിപ്പുകൾ നൽകി ഒഒ യിൽ അവതരിപ്പിക്കൽ<br>. ക്രിയ ചെയ്യൽ<br>. പ്രശ്നനിർദ്ധാരണം | ടീച്ചർ | ജൂൺ – മാർച്ച്. |

POCO M6 PRO 5G 30/06/2025 11:14

| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവ്വഹണ കാലം |
|---|---|---|---|---|
| 1,2,3,4 | സസ്യങ്ങളെ അറിയാം | · പ്രകൃതി നടത്തം<br>· സസ്യങ്ങളെ നിരീക്ഷിക്കൽ<br>· പേര് കണ്ടെത്തൽ<br>· സസ്യങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കൽ | ടീച്ചർ | ജൂൺ to സെപ്റ്റംബർ |
| 1,2,3,4 | പരിസ്ഥിതി സംരക്ഷണം | · പ്രകൃതി നടത്തം<br>· കൃഷി<br>· മാലിന്യങ്ങളെ തരംതിരിക്കൽ<br>· പോസ്റ്റർ നിർമ്മാണം | ടീച്ചർ | ജൂൺ - മാർച്ച് |

POCO M6 PRO 5G
30/06/2025 11:14

## ...സി ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ലഭിക്കുന്നതിനാവശ്യമായ ആസൂത്രിത പദ്ധതിയാണ് ഈസി ഇംഗ്ലീഷ്. ക്ലാസ് റൂമിലെ വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തുന്നു. ഇവയുടെ ഇംഗ്ലീഷ് പദങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ഇംഗ്ലീഷ് പദ്യങ്ങളും, കഥകളും അവതരിപ്പിക്കുന്നു. അവധി ദിനങ്ങൾ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ഗൂഗിൾ മീറ്റ് വഴി അര മണിക്കൂർ സംഘടിപ്പിക്കുന്നു.

## ഇംഗ്ലീഷ് നിഘണ്ടു

ഓരോ ദിവസത്തെയും പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പദങ്ങൾ നോട്ട്ബുക്കിൽ എഴുതി സൂക്ഷിക്കുന്നു. പദങ്ങളും, ഉച്ചാരണങ്ങളും മനസിലാക്കുന്നു. ന്യൂസ് പേപ്പറിൽ നിന്നും ലഭിക്കുന്ന പദങ്ങളും ഈ നോട്ട്ബുക്കിൽ എഴുതി സൂക്ഷിക്കുന്നു. ഈ പദങ്ങളുടെ അർത്ഥം കണ്ടെത്തി എഴുതുന്നു. അക്ഷരമാലാ ക്രമത്തിൽ ഈ വാക്കുകൾ ക്രമീകരിക്കുകയും ചെയ്യാം. നിഘണ്ടു ക്ലാസ് അധ്യാപകൻ പരിശോധിക്കുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യുന്നു. ഓരോ കുട്ടികളുടെയും നിഘണ്ടുകൾ പ്രദർശിപ്പിക്കുന്നു.

## ദിവസം 5 വാക്കുകൾ

ഇംഗ്ലീഷ് ഭാഷയിലെ വാക്കുകൾ കണ്ടെത്തുന്നതിനുള്ള ലഘുവായ മാർഗ്ഗമാണിത്. ഓരോ അക്ഷരത്തിലും തുടങ്ങുന്ന 5 വാക്കുകൾ കണ്ടെത്തുന്നു. ഓരോ ദിവസവും കണ്ടെത്തിയ വാക്കുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. എല്ലാ അക്ഷരത്തിലുമുള്ള വാക്കുകൾ കണ്ടെത്തിയ ശേഷം വീണ്ടും അതെ ക്രമത്തിൽ പുതിയവ കണ്ടെത്തി തുടരുന്നു.

## പസിലുകൾ

ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം ലഭിക്കുവാൻ പദ പരിചയം, പസിൽ തുടങ്ങിയ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. വിട്ടുപോയ അക്ഷരം കണ്ടെത്തി എഴുതുന്നു. ചില പ്രത്യേക നിർദ്ദേശങ്ങളിലൂടെ വാക്കുകൾ കണ്ടെത്തുന്നു. പദങ്ങൾ ക്രമീകരിച്ച് വാക്യങ്ങളാക്കുന്നു.

## ഇംഗ്ലീഷ് ഡേ

ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി 3, 4 ക്ലാസുകളിലെ കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു. ഇംഗ്ലീഷ് പത്രങ്ങൾ, പുസ്തകങ്ങൾ, അനുഭവങ്ങൾ, പ്രസംഗം, കടങ്കഥകൾ, ക്വിസ്, പഴഞ്ചൊല്ല് ശൈലികൾ, യോഗ, വ്യായാമം, കവിതകൾ, കഥകൾ, അഭിനയഗാനങ്ങൾ എന്നിവ ഉൾപ്പെടുത്തി കൂടുതൽ മികവുറ്റതാക്കുന്നു.

## ഗണിത പഠനം

ഗണിതപഠനം എളുപ്പമാക്കുവാൻ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.



POCO M6 PRO 5G
30/06/2025 11:15

- ഗണിത പാട്ടുകൾ
- ഗണിത കേളികൾ
- കുട്ടികളുടെ ബാങ്ക്
- സമ്പാദ്യ പദ്ധതി
- ഗണിത പാർക്ക്
- ബാല
- ഗണിത രൂപങ്ങളുടെ നിർമ്മിതി
- ഗണിത മാജിക്
- കലണ്ടർ വിശേഷം
- കുസൃതി കണക്കുകൾ
- ഗണിത നാടകം
- പസിൽ
- വർക്ക് ഷീറ്റുകൾ

### ഗണിത പാട്ടുകൾ

ഗണിതവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിച്ച് അവതരിപ്പിക്കുന്നു. പാഠഭാഗങ്ങളിൽ ചില പാട്ടുകൾ കൊടുത്തിട്ടുണ്ട്. പരമാവധി പാട്ടുകൾ ശേഖരിച്ച് ഗണിത പാട്ടു പുസ്തകം തയ്യാറാക്കുന്നു. യൂട്യൂബ് വഴി കുട്ടികളുടെ പാട്ടുകൾ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.

### ഗണിത കേളി

കളി പ്രവർത്തനങ്ങളിലൂടെ ഗണിതം കുട്ടികളിലെത്തിക്കുന്ന രീതിയാണിത്. ഏണിയും പാമ്പും, കാരംസ്, ചീട്ടുകളി, ഗോലികളി, കുളംകര ഗുണനം, കച്ചവടം, നോട്ട് കളി എന്നിവ കളി പ്രവർത്തനങ്ങളിലൂടെ ഗണിതം പഠിപ്പിക്കാവുന്ന മാർഗ്ഗങ്ങളാണ്.

### കലണ്ടർ വിശേഷം

ഒരു കലണ്ടറിന്റെ ഉപയോഗം ഗണിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു വെന്ന് കണ്ടർ കണക്കുകൾ കാണിക്കുന്നു. ദിവസം, മാസം, വർഷം, പലതരം വർഷങ്ങൾ, മാസങ്ങൾ എന്നിവ പരിചയപ്പെടാൻ കലണ്ടർ സഹായിക്കുന്നു. ഒന്നാം ക്ലാസുമുതൽ എണ്ണൽ സംഖ്യാ പഠനത്തിന് കലണ്ടർ സഹായിക്കും. ഗണിതത്തിൽ കലണ്ടറിന് വളരെയധികം പ്രാധാന്യമുണ്ട്.

### കുസൃതിക്കണക്കുകൾ

ഗണിതവുമായി ബന്ധപ്പെട്ട രസകരമായ പ്രശ്നങ്ങളാണ് കുസൃതിക്കണക്കുകൾ. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളുടെ ഗണിതപഠനം രസകരവും ഉല്ലാസകരവുമാക്കാൻ കുസൃതിക്കണക്കുകൾ സഹായിക്കുന്നു. സ്വന്തമായി കുസൃതിക്കണക്കുകൾ നിർമ്മിക്കാൻ പ്രചോദനമാകുന്നു.

### വർക്ക് ഷീറ്റുകൾ

ഓരോ ക്ലാസിലും ഓരോ അധ്യായത്തിലും ആവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുക വഴി ഗണിതപഠനം രസകരമാക്കാം. വർക്ക് ഷീറ്റുകൾ ...

POCO M6 PRO 5G 30/06/2025 11:15

...ാക്കാൻ എസ്.എസ്.എ.യുടെ സ്കൂൾ ഗ്രാന്റ് ഉപയോഗിക്കാം.

## പരിസരപഠനം

പരിസര പഠനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അറിവ് വർധിപ്പിക്കുന്നതിനും പഠനം എളുപ്പമാക്കുന്നതിനും ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ്

- പഠന യാത്രകൾ
- ശാസ്ത്ര ലാബ്
- പൊതുസ്ഥാപനങ്ങൾ സന്ദർശനം
- സ്റ്റാമ്പ് ശേഖരണം
- ഇല ആൽബം
- വിത്ത് ശേഖരണം
- പക്ഷി നിരീക്ഷണം
- ആൽബം തയ്യാറാക്കൽ
- ശാസ്ത്ര പ്രദർശനം
- ജൈവ വൈവിധ്യ പാർക്ക്
- ഹരിത വിദ്യാലയം
- പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
- ലഹരി വിമുക്ത ക്യാമ്പസ്
- ലഘു പരീക്ഷണവതരണം
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

## പൊതുസ്ഥാപനങ്ങൾ സന്ദർശനം

സ്ഥാപനങ്ങളുടെ പ്രവർത്തനം നേരിട്ട് മനസിലാക്കാൻ പൊതുസ്ഥാപനങ്ങൾ സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ, മാവേലി സ്റ്റോർ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, റേഷൻകട തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് പഠനം നടത്താൻ അവസരം നൽകുന്നു.

## വിത്ത് ശേഖരണം

നിലവിൽ കുട്ടികൾ അറിഞ്ഞിരിക്കേണ്ട വസ്തുത്തയാണ് വിത്തുവിതരണവും, പുതിയ തലമുറയുടെ ഉത്ഭവവും. വിവിധയിനം വിത്തുകളെ നേരിട്ട് പരിചയപ്പെടുകയും, അവയുടെ വിതരണരീതിയും വിത്ത് മുളയ്ക്കുന്ന രീതിയും മനസിലാക്കണം. നേരറിവ് ലഭ്യമാക്കുന്നതിനും, വിത്ത് ശേഖരണത്തിലൂടെയാണ് വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ, ഏകബീജപത്രസസ്യം, ദ്വിബീജപത്രസസ്യം എന്നിവ മനസിലാക്കുന്നതിനും വിത്ത് ശേഖരണം സഹായിക്കുന്നു.

## പക്ഷി നിരീക്ഷണം/ജീവജാല നിരീക്ഷണം

നിരീക്ഷണം എന്ന മേഖല ശാസ്ത്ര പഠനത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. വിവിധയിനം പക്ഷികൾ, ചെടികൾ, മരങ്ങൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ, ശലഭങ്ങൾ എന്നിവയെ നിരീക്ഷിക്കേണ്ടതുണ്ട്.



POCO M6 PRO 5G 30/06/2025 11:15

## ആൽബം തയ്യാറാക്കൽ

ആൽബങ്ങള പലതരത്തിലുണ്ട്. പരിസരപഠന മേഖലയായതിനാൽ പക്ഷികളുടെ ആൽബം, മൃഗങ്ങൾ, സസ്യങ്ങൾ, ഇലകൾ, കലാരൂപങ്ങൾ, പൂക്കൾ, വിത്തുകൾ, പലതരം ജീവികൾ എന്നിവയുടെ ആൽബം തയ്യാറാക്കാം.

## ശാസ്ത്ര പ്രദർശനം

ശാസ്ത്ര പഠനത്തിന് സഹായത്തക്ക രീതിയിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കണം. ധാരാളം ഉപകരണങ്ങൾ കുട്ടികൾക്ക് നേരിട്ട് മനസിലാക്കാൻ ഇത് സഹായിക്കും. കുട്ടികൾ ശേഖരിച്ച വസ്തുതകൾ വർഷത്തിന്റെ അവസാനം പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.

## ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസം

പഠന എളുപ്പവും രസകരവുമാക്കുന്നതിനായി ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ്, എൽ.സി.ഡി, പ്രൊജക്ടർ എന്നിവ ഉപയോഗിച്ച് ലഭ്യമായ വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും ലഭ്യമാക്കുന്ന SCERT പുറത്തിറക്കിയ കളിപ്പെട്ടി ഉപയോഗിച്ച് കമ്പ്യൂട്ടർ പഠനവും നല്ല നിലയിൽ നടന്ന് വരുന്നു. ഹൈടെക്ക് ക്ലാസ്റൂമിന് യോജിച്ച രീതിയിൽ എ.സി.യോടുകൂടിയതാണ് നമ്മുടെ സ്കൂളിലെ കമ്പ്യൂട്ടർ മുറി.

## പഠനയാത്രകൾ

പ്രകൃതിയിലെ കാഴ്ചകളും, പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയും ഒരുക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്നു. പ്രൈമറി കുട്ടികൾക്ക് പ്രത്യേകമായും, പ്രീ പ്രൈമറി കുട്ടികൾക്ക് പ്രത്യേകമായും പഠനയാത്രകൾ നടത്തി വരുന്നു. കോവിഡ് കാലം മാറിയതോടെ ഈ വർഷം മുതൽ പഠനയാത്രകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## കലാകായിക പ്രവർത്തനങ്ങൾ

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി ടാലന്റ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധതരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ ആഴ്ചയിലും സർഗ്ഗവേളകൾ, ബാലസഭകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

## ഗണിതലാബ് / ശാസ്ത്രലാബ്

ഗണിത ലാബ്, ശാസ്ത്രലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്നതിന് നിലവിൽ കെട്ടിടങ്ങൾ ലഭ്യമല്ല. ഓഫീസ് റൂം, ക്ലാസ് ലൈബ്രറി എന്നിവയിൽ അവ സൂക്ഷിക്കുന്നു.

POCO M6 PRO 5G 30/06/2025 11:15

# ഉപസംഹാരം

വർക്കല മുനിസിപ്പാലിറ്റിയിലെ ഒരു വെൽഫെയർ സ്കൂളാണ് G.W.L.P.S. പൊയ്ക. ഗ്രാമാന്തരീക്ഷത്തിൽ മലയോര മേഖലയിലെ പച്ച പുതച്ച്, പ്രകൃതിഭംഗിയോടെ നിൽക്കുന്ന ഒരു മികച്ച സ്കൂളാണ്.

സ്കൂളിൽ തയ്യാറാക്കിയ 'പച്ചത്തുരുത്തിന് തിരുവനന്തപുരം ജില്ലയിലെ മൂന്നാം സ്ഥാനം ലഭിച്ചു. മികച്ച ശലഭോദ്യാനം, ഔഷധ സസ്യത്തോട്ടം, പാർക്ക്, കമ്പ്യൂട്ടർ, ലാബ്, ഹാൾ, സ്റ്റേജ്, പച്ചക്കറിത്തോട്ടം, പഴവർഗ്ഗത്തോട്ടം എന്നിവ അക്കാദമിക് മാസ്റ്റർ പ്ലാനിലെ എടുത്ത് പറയത്തക്ക നേട്ടങ്ങളാണ്.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. പഠനത്തോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങൾക്ക് മുന്നാക്കം കൊടുക്കേണ്ടതുണ്ട്. കലാകായിക പ്രവർത്തനങ്ങൾ, ടെക്നോളജി (ഐ.റ്റി), സ്പോർട്സ്, മാനസികോല്ലാസ പ്രവർത്തനങ്ങൾ, പഠന സൗകര്യങ്ങൾ, യാത്രാസൗകര്യം എന്നിവയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. രക്ഷിതാക്കളെയും, വിദ്യാർത്ഥികളെയും ബോധവൽക്കരണത്തിലൂടെ ആത്മവിശ്വാസം വളർത്തിയെടുക്കണം.

1. പ്രശ്നങ്ങൾ
2. സാമ്പത്തികം
3. കുടുംബപ്രശ്നങ്ങൾ
4. തൊഴിലില്ലായ്മ (രക്ഷിതാക്കൾ)
5. പഠനവൈകല്യം
6. രോഗങ്ങൾ
7. ചിഹ്നങ്ങൾ
8. സംഖ്യാബോധം
9. പഠനപിന്നോക്കാവസ്ഥ
10. ചിട്ടയില്ലായ്മ

**ലക്ഷ്യങ്ങൾ**

*ഹ്രസ്വകാലം*

1. സ്കൂൾ പച്ചക്കറിത്തോട്ടം
2. അടുക്കളത്തോട്ടം
3. ദിനാചരണങ്ങൾ
4. നിർമ്മാണ പ്രവർത്തനങ്ങൾ
5. സ്പോർട്സ്
6. കലാപ്രവർത്തനങ്ങൾ
7. മാഗസിൻ നിർമ്മാണം
8. സ്കൂൾ പത്രം
9. തിരഞ്ഞെടുപ്പ്
10. കളക്ഷൻസ്

*ദീർഘകാലം*

*ചുമതല, സാമ്പത്തികം*

എന്റെ മരം
ഔഷധസസ്യത്തോട്ടം
പൂന്തോട്ടം
ഇംഗ്ലീഷ് അസംബ്ലി
ബാലസഭ
സ്പോക്കൺ ഇംഗ്ലീഷ്
ക്വിസ്
പരിസര ശുചീകരണം
മലയാളത്തിളക്കം
വായന
എഴുത്ത്
ബോധവത്കരണം

POCO M6 PRO 5G



30/06/2025 11:15